13/2/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 1198*(2)/2020*/*എസ്.ഐ.സി***
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **8452**/*എസ്.ഐ.സി-ജി 6/20*)
സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീമതി വി.പ്രഭാദേവി,
കളിവിളാകത്ത് വീട്,
കല്ലുവെട്ടാൻകുഴി,
മാങ്കോട് പി.ഒ., ചിതറ,
പിൻ – 691 559.
} **അപ്പീൽ ഹർജിക്കാരി**

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്,
തിരു.മേഖലാ പോലീസ് ഡി.ഐ.ജി.യുടെ കാര്യാലയം,
തിരുവനന്തപുരം.

2. അപ്പീൽ അധികാരി,
ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്,
തിരുവനന്തപുരം റെയിഞ്ച്,
നന്ദാവനം, പാളയം,
തിരുവനന്തപുരം – 691 559
} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 02.03.2022 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 06.05.2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 02.05.2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 20.05.2020 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 24.08.2020 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 27.08.2020 |
| ഹിയറിംഗ് നടന്ന തീയതി | 27.12.2022, കമ്മീഷൻ ആസ്ഥാനം |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരി<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

<u>ഉത്തരവ്</u>

അപ്പീൽ ഹർജിക്കാരി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൾ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നാണ്.

2. അപ്പീൽ ഹർജിക്കാരി 02.03.2020ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 06.05.2020ന് തിരുവനന്തപുരം മേഖലാ പോലീസ് ഡി.ഐ.ജി.യുടെ കാര്യാലയത്തിലെ എസ്.പി.ഐ.ഒ.യുടെ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ബഹു.സംസ്ഥാന പോലീസ് മേധാവിയുടെ ഓഫീസിലെ എസ്.പി.ഐ.ഒ.യ്ക്ക് ഹർജിക്കാരി സമർപ്പിച്ച വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷയുടെ പകർപ്പ് ടി ഓഫീസിൽ ലഭിച്ചിട്ടുള്ളതും ആയത് വിശദമായി പരിശോധിച്ചതിൽ, ടിയാളുടെ അപേക്ഷയിൽ പരാമർശിച്ചിരിക്കുന്ന പരാതി 10.02.2020 തീയതി ടി ഓഫീസിൽ ലഭിച്ചിട്ടുള്ളതും ആയതിന്റെ അന്വേഷണ ചുമതല ഡി.ഐ.ജി.യുടെ SIT യ്ക്ക് നൽകിയിട്ടുണ്ടെന്നുമാണ്. എന്നാൽ കോവിഡ് 19 കാരണം സർക്കാർ ലോക്ഡൗൺ പ്രഖ്യാപിച്ചിരിക്കുന്നതിനാൽ ഹർജിക്കാരിയെയോ എതിർകക്ഷിയെയോ നേരിൽ കണ്ട് സ്റ്റേറ്റ്മെന്റ് രേഖപ്പെടുത്തുന്നതിനോ മറ്റ് അന്വേഷണങ്ങൾക്കോ സാധിച്ചിട്ടില്ലെന്ന വിവരമാണ് അറിയിച്ചത്.

3. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 20.05.2020ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ടി ഓഫീസിൽ ലഭിച്ച ടിയാളുടെ അപ്പീൽ ഹർജി വിശദമായി പരിശോധിച്ചതിൽ അപേക്ഷയിൽ പരാമർശിച്ചിരിക്കുന്ന പരാതി 10.02.2020 തീയതിയിലെ SPCS 3-36325/2020/PHQ നമ്പർ പ്രകാരം ടി ഓഫീസിൽ ലഭിച്ചിട്ടുള്ളതും ആയതിന്റെ അന്വേഷണ ചുമതല DIG യുടെ SIT ക്ക് നൽകിയിട്ടുണ്ടെന്നാണ്. എന്നാൽ കോവിഡ് 19 കാരണം സർക്കാർ ലോക്ഡൗൺ പ്രഖ്യാപിച്ചിരുന്നതിനാൽ ഹർജിക്കാരിയെയോ എതിർകക്ഷികളെയോ നേരിൽക്കണ്ട് സ്റ്റേറ്റ്മെന്റ് രേഖപ്പെടുത്തുന്നതിനോ മറ്റ് അന്വേഷണങ്ങൾക്കോ സാധിച്ചിട്ടില്ലെന്ന വിവരം അറിയിക്കുന്നുവെന്നും ടി വിവരം ഈ ഓഫീസിലെ എസ്.പി.ഐ.ഒ. 06.05.2020ലെ കത്തുപ്രകാരം ടിയാളെ അറിയിച്ചിട്ടുണ്ടെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ കേട്ടതിലും ഹർജിക്കാരിക്ക് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരി സമർപ്പിച്ച അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും തൃപ്തികരമായ മറുപടി ലഭിച്ചില്ലെന്നാണ് കമ്മീഷൻ മുമ്പാകെയുള്ള ആക്ഷേപം. മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, ലഭ്യമായ വിവരം ഹർജിക്കാരിയ്ക്ക് നൽകിയതായി കാണുന്നതിനാൽ ഈ അപ്പീൽ ഹർജി ഇന്നേദിവസം 2023 ജനുവരി 30–ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/